Accnt 28/5/2020

# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ: അനുപമ. റ്റി.വി IAS)

വിഷയം: വനിതാ ശിശുവികസന വകുപ്പ്-'സഹായ ഹസ്തം' സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴില് ചെയ്യുന്നതിന് ധനസഹായം-തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ (സാധാ) നം. 531/2018/സാനീവ തീയതി 11.09.2018.
2. ഈ കാര്യാലയത്തിലെ 26.10.2019 ലെ WEC.2/8620/19 നമ്പർ സർക്കുലർ.
3. ഈ കാര്യാലയത്തിലെ 28.02.2020 ലെ WEC.2/8620/19 നമ്പർ സർക്കുലർ.
4. തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട്, വയനാട്, കാസർകോഡ് എന്നീ ജില്ലകളിലെ ജില്ലാ ശിശുവികസന ഓഫീസർമാരുടെ അപേക്ഷകൾ.

==========================================================================

ഉത്തരവ് നം. WEC-2/8620/19 തീയതി :28.03.2020.

==========================================================================

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴില് ചെയ്യുന്നതിനുള്ള ധനസഹായ പദ്ധതിയായ 'സഹായ ഹസ്തം' പദ്ധതി പ്രകാരം ഒരാൾക്ക് 30000/- രൂപ ക്രമത്തില് ഒറ്റത്തവണ ധനസഹായമായി ഒരു ജില്ലയില് നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പരമാവധി 10 ഗുണഭോക്താക്കൾഎന്ന രീതിയില് 14ജില്ലകളിൽ നിന്ന് 140 പേർക്ക് ധനസഹായ അനുവദിച്ച് നൽകുന്നതിന് 42,00,000/-രൂപ (നാൽപ്പത്തി രണ്ട് ലക്ഷം രൂപമാത്രം) ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം (1) പ്രകാരം ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കുലര് പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ മലപ്പുറം കോഴിക്കോട് കണ്ണൂര് എന്നീ ജില്ലകൾക്ക് തുക അനുവദിച്ച് നല്കിയിട്ടുണ്ട്. അതാത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാര് അദ്ധ്യക്ഷനായുള്ള ജില്ലാതല മോണിറ്ററിംഗ് & ഇവാല്യവേഷൻ കമ്മിറ്റി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പേര് വിവരം ഉൾപ്പെടുന്ന ലിസ്റ്റ് ചുവടെപ്പറയുന്ന ജില്ലാ വനിതാ ശിശുവികസന പദ്ധതി ഓഫീസർമാര് പരാമർശം (4) പ്രകാരം ശുപാരശ ചെയ്തിട്ടുണ്ട് .

| ക്രമ നം. | ജില്ല | ശുപാർശ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം | ആവശ്യപ്പെട്ട തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 10 | 300000 |
| 2 | ആലപ്പുഴ | 10 | 300000 |
| 3 | പാലക്കാട് | 10 | 300000 |
| 4 | വയനാട് | 10 | 300000 |
| 5 | കാസർകോഡ് | 5 | 150000 |

മേൽപ്പറഞ്ഞ ജില്ലാ വനിതാ ശിശുവികസ ഓഫീസർമാര് ശിപാർശ ചെയ്ത മുൻഗണനാക്രമത്തില് ശിപാർശ ചെയ്തിട്ടുള്ള 10ഗുണഭോക്താക്ക് മാത്രം ധനസഹായം അനുവദിക്കേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു ജില്ലയില് നിന്നും പരമാവധി 10 ഗുണഭോക്താക്കള് എന്ന രീതിയില് 5 ജില്ലകൾക്കായി 13,50,000/- രൂപ ( പതിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)ചുവടെ പറയുന്ന ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തവാകുന്നു.

| ക്രമ നം. | ജില്ല | ആവശ്യപ്പെട്ട തുക | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 10 | 300000 |
| 2 | ആലപ്പുഴ | 10 | 300000 |
| 3 | പാലക്കാട് | 10 | 300000 |
| 4 | വയനാട് | 10 | 300000 |
| 5 | കാസർകോഡ് | 5 | 150000 |

13,50,000/- രൂപ ( പതിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)

മേൽപ്പട്ടിക പ്രകാരം അനുവദിച്ചിട്ടുള്ള തുക അതാത് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരുടെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തില് പ്രോഗ്രാം ഓഫീസിലെ ഡി.ഡി.ഒ ആയ സീനിയർ സൂപ്രണ്ടുമാര് നടപ്പ് സാമ്പത്തിക വർഷത്തില് 2235-02-103-68-03(പ്ലാൻ) ശിർഷകത്തില് നിന്നും മാറിബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫര് ക്രഡിറ്റ് ചെയ്ത് നൽകേണ്ടതാണെന്നും നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) സർക്കാര് ഉത്തരവിനും പരാമർശം (2) സർക്കുലറിനും വിധേയമായി മാത്രമെ ധനസഹായം അനുവദിച്ച് നൽകാവു. തെരഞ്ഞെടുത്ത ഗുണഭോക്തക്കളുമായി ജില്ലാ വനിതാ ശിശുവികസന ഓഫീസർമാര് എഗ്രിമെന്റ് വച്ചതിന് ശേഷം ധനസഹായം ഗുണഭോക്താവിന് അനുവദിച്ച് നൽകേണ്ടതാണ്. ആരംഭിക്കുന്ന തൊഴിൽ സംരംഭം സംബന്ധിച്ച ലഘുവിവരവും തൊഴില് സംരംഭം 5 വർഷമെങ്കിലും തുടരുമെന്ന വ്യവസ്ഥയും കരാറില് ഉൾപ്പെടുത്തേണ്ടതാണ്. പരാമർശം (2) സർക്കുലറിലെ മറ്റ് നിബന്ധനകള് പാലിക്കേണ്ടതാണ്.

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരും ഗുണഭോക്താവിന്റെ പേര് വിവരം, തൊഴില് സംരംഭം എന്നിവ ഉൾപ്പെടുത്തി ഒരു രജിസ്റ്റര് സൂക്ഷിക്കേണ്ടതും ആഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ ഗുണഭോക്താക്കള് ടി തുക വിനിയോഗിച്ച് വരുമാന വർദ്ധനവ് പ്രക്രിയയില് ഏർപ്പെട്ട് ടി ധനസഹായം വിനിയോഗിക്കുന്നുണ്ടോ എന്ന് തുടർ പരിശോധന നടത്തി വിലയിരുത്തേണ്ടതും ആയത് റിപ്പോർട്ട് ചെയ്യേണ്ടതും ആണ് . ധനവിനിയോഗ സാക്ഷ്യപത്രം എക്സ്പെൻഡീച്ചര് സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തില് ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശുവികസന ഡയറക്ടർ

ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ/
പ്രോഗ്രാം ഓഫീസർമാർ
തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട്, വയനാട്, കാസർകോഡ്

**പകർപ്പ്**

(1) സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനായി)
(2) സൂപ്രണ്ട്, ഐ.റ്റി സെക്ഷന് (Website ൽ പ്രസിദ്ധീകരിക്കുന്നതിനായി)
(3) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിന് പ്രകാരം

സൂപ്രണ്ട്

GB